# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/39/72/2018 2018 ഏപ്രിൽ 11

## <u>പത്രക്കുറിപ്പ്</u>

**<u>ആഗോള ജൈവസംഗമം: വൈക്കത്ത് എം.ജി.യുടെ കൊയ്ത്തുത്സവം</u>**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ അന്തർ സർവ്വകലാശാലാ ജൈവ കൃഷി പഠനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ വൈക്കം ഉദയനാപുരം പഞ്ചായത്തിലെ വല്ലകത്ത് നാലേക്കർ തരിശുപാടത്ത് നടത്തിയ ജൈവ നെൽകൃഷിയുടെ കൊയ്ത്തുത്സവത്തിന് വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ നേതൃത്വം നൽകി. ഔഷധ ഇനങ്ങളായ രക്തശാലി, കുഞ്ഞുകുഞ്ഞ് എന്നീ വിത്തിനങ്ങളാണ് കൃഷിയിറക്കി കതിരണിയിച്ചത്.

ഉദയനാപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.എസ്. മോഹനൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പ്രോവൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, ജൈവം സംഘാടകസമിതി ചെയർമാൻ അഡ്വ. പി.കെ. ഹരികുമാർ, രജിസ്ട്രാറും ജൈവം ജനറൽ കൺവീനറുമായ എം.ആർ. ഉണ്ണി, കൃഷി ഓഫീസർ ഷെർലി സക്കറിയ, ടി.ജെ. ജയപ്രകാശ്, എബ്രഹാം മാത്യു, ജോർജ് മുല്ലക്കര, കെ. ജി. ഷാജി, ജി. ശ്രീകുമാർ എന്നിവരും കൊയ്ത്തുത്സവത്തിൽ പങ്കുചേർന്നു. രാസവളങ്ങളോ, കീടനാശിനികളോ ഉപയോഗിക്കാതെ തികച്ചും ജൈവരീതിയിലാണ് കൃഷിയിറക്കിയത്. ജൈവകൃഷിയുമായി ബന്ധപ്പെട്ട കർഷക പ്രശ്നങ്ങളിൽ ഫലപ്രദമായ ഇടപെടലുകൾ നടത്തുക, നൂതനാശയങ്ങൾ കണ്ടെത്തുക, ജൈവകൃഷിയുടെ ശാസ്ത്രാവബോധം വളർത്തുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് സർവ്വകലാശാല ജൈവ കൃഷി പഠനകേന്ദ്രം ഈ പദ്ധതി ഏറ്റെടുത്തത്.

ഏപ്രിൽ 21 മുതൽ കോട്ടയം സി.എം.എസ്. കോളേജിൽ നടത്തുന്ന ആഗോള ജൈവസംഗമത്തിൽ പങ്കെടുക്കുന്നവർക്കുള്ള ഭക്ഷണം പാകപ്പെടുത്തുന്നതിന് ഈ ജൈവ നെൽകൃഷിയിലൂടെ ലഭിക്കുന്ന നെല്ലുപയോഗിക്കും.

**അടിക്കുറിപ്പ്**

**ആഗോള ജൈവസംഗമത്തോടനുബന്ധിച്ച് മഹാത്മാഗാന്ധി സർവ്വകലാശാലാ ജൈവ കൃഷി പഠനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ വൈക്കം വല്ലകത്ത് നടത്തിയ ജൈവ നെൽകൃഷിയുടെ കൊയ്ത്തുത്സവത്തിൽ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ കൊയ്തെടുത്ത ആദ്യ കറ്റ, പി.വി.സി. പ്രൊഫ. സാബു തോമസ്, അഡ്വ. പി.കെ. ഹരികുമാർ, രജിസ്ട്രാർ എം.ആർ. ഉണ്ണി എന്നിവർ ഏറ്റുവാങ്ങുന്നു**

**<u>ബി.ടെക്/ബി.ആർക് അപേക്ഷാ തീയതി</u>**

2018 മെയ് മാസത്തിൽ നടത്തുന്ന ബി.ടെക്/ബി.ആർക് പരീക്ഷകൾക്ക് പിഴയില്ലാതെ ഏപ്രിൽ 18 വരെയും 50 രൂപ പിഴയോടെ 19 വരെയും 500 രൂപ സൂപ്പർഫൈനോടെ 21 വരെയും അപേക്ഷിക്കാവുന്നതാണ്.

**<u>പ്രാക്ടിക്കൽ</u>**

ആറാം സെമസ്റ്റർ ബി.എസ്.സി. മാത്തമാറ്റിക്സ് (സി.ബി.സി.എസ്.എസ്. – 2015 അഡ്മിഷൻ റഗുലർ/2013 – 2014 അഡ്മിഷൻ സപ്ലിമെന്ററി/റീഅപ്പിയറൻസ്) വൊക്കേഷണൽ മോഡൽ – 2 – കമ്പ്യൂട്ടർ സയൻസ് മാർച്ച് 2018 പരീക്ഷയുടെ പ്രാക്ടിക്കൽ ഏപ്രിൽ 12, 13, 16 തീയതികളിൽ വിവിധ കോളേജുകളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

ആറാം സെമസ്റ്റർ ബി.എസ്.സി. കെമിസ്ട്രി (സി.ബി.സി.എസ്.എസ്. – 2015 അഡ്മിഷൻ റഗുലർ/2013 & 2014 അഡ്മിഷൻ സപ്ലിമെന്ററി) മാർച്ച് 2018 പരീക്ഷയുടെ പ്രാക്ടിക്കൽ, പ്രോജക്ട് മൂല്യനിർണ്ണയം, വൈവാവോസി (കംബൈൻഡ്) എന്നിവ ഏപ്രിൽ 16 മുതൽ ബന്ധപ്പെട്ട കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പ്രോജക്ട് മൂല്യനിർണ്ണയം**

2018 മാർച്ചിൽ നടന്ന ആറാം സെമസ്റ്റർ ബി.എ. സംസ്കൃതം സ്പെഷ്യൽ (സി.ബി.സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണ്ണയം ഏപ്രിൽ 17 മുതൽ അതാത് കോളേജുകളിൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ് സൈറ്റിൽ ലഭ്യമാണ്.

**വൈവാവോസി**

ആറാം സെമസ്റ്റർ ബി.എ. ഇംഗ്ലീഷ് (മോഡൽ 3 ട്രിപ്പിൾ മെയിൻ, സി.ബി.സി.എസ്.എസ്., 2015 അഡ്മിഷൻ റഗുലർ/2013 - 2014 അഡ്മിഷൻ റീഅപ്പിയറൻസ്) മാർച്ച്/ഏപ്രിൽ 2018 പരീക്ഷയുടെ പ്രോജക്ടും വൈവാവോസിയും ഏപ്രിൽ 16, 17 തീയതികളിൽ ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

2018 മാർച്ച്/ഏപ്രിൽ മാസങ്ങളിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എ. ഇംഗ്ലീഷ് (ഡബിൾ മെയിൻ മോഡൽ 3, സി.ബി.സി.എസ്.എസ്. 2015 അഡ്മിഷൻ റഗുലർ/2013-2014 അഡ്മിഷൻ റീഅപ്പിയറൻസ്) പരീക്ഷയുടെ പ്രോജക്ട്/വൈവാവോസി ഏപ്രിൽ 18, 19 തീയതികളിൽ രാവിലെ 9.30 മുതൽ ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ് സൈറ്റിൽ ലഭ്യമാണ്.

**പഞ്ചവത്സര ബി.ബി.എ. എൽ.എൽ.ബി. പ്രവേശനം**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള പഠനവകുപ്പായ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ 2018-19ൽ നടത്തുന്ന പഞ്ചവത്സര ബി.ബി.എ. എൽ.എൽ.ബി. പ്രോഗ്രാമിൽ പ്രവേശനത്തിന് ഏപ്രിൽ 30 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ www.mgu.ac.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

**മാർജിനൽ സീറ്റു വർദ്ധനവിന് അപേക്ഷിക്കാം**

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് & സയൻസ് കോളേജുകളിൽ നടത്തുന്ന വിവിധ ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് 2018-19 അദ്ധ്യയന വർഷത്തിൽ, നാമമാത്ര സീറ്റ് വർദ്ധനവിന് (മാർജിനൽ സീറ്റ് വർദ്ധനവ്) കോളേജുകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. നിലവിലുള്ള സീറ്റുകളുടെ 25% വരെ വർദ്ധനവ് അനുവദിക്കും. നാമമാത്ര സീറ്റ് വർദ്ധനവ് ഉൾപ്പെടെ ബിരുദ പ്രോഗ്രാമുകൾക്ക് പരമാവധി 70 സീറ്റും ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് പരമാവധി 30 സീറ്റും മാത്രമേ അനുവദിക്കുകയുള്ളൂ. 2018-19 അദ്ധ്യയന വർഷം വരെ സർവ്വകലാശാലയിൽ അടയ്ക്കേണ്ട എല്ലാവിധ ഫീസുകളും ഒടുക്കിയ കോളേജുകൾക്കു മാത്രമേ നാമമാത്ര സീറ്റ് വർദ്ധനവ് അനുവദിക്കുകയുള്ളൂ. നാമമാത്ര സീറ്റ് വർദ്ധനവ് ആവശ്യമുള്ള കോളേജുകൾ പ്രോഗ്രാം ഒന്നിന് 2000 രൂപ നിരക്കിൽ ഫീസ് സഹിതമുള്ള അപേക്ഷകൾ സർവ്വകലാശാലാ ഓഫീസിൽ ഏപ്രിൽ 20നകം സമർപ്പിക്കേണ്ടതാണ്. നാമമാത്ര സീറ്റ് വർദ്ധനവ് ആവശ്യമുള്ള പ്രോഗ്രാമുകൾ, അനുവദിച്ചിട്ടുള്ള സീറ്റുകൾ, നാമമാത്ര സീറ്റ് വർദ്ധനവ് വഴി ആവശ്യമുള്ള സീറ്റുകൾ എന്നിവ അപേക്ഷയിൽ വ്യക്തമായി കാണിച്ചിരിക്കണം.

**പരീക്ഷാഫലം**

2017 ഒക്ടോബറിൽ നടത്തിയ മൂന്നാം വർഷ ബി.ഫാം റഗുലർ/സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 24 വരെ അപേക്ഷിക്കാം.

2017 നവംബർ മാസത്തിൽ നടത്തിയ രണ്ടും മൂന്നും വർഷ ബി.എസ്.സി. മെഡിക്കൽ റേഡിയോളജിക്കൽ ടെക്നോളജി (റഗുലർ & സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 24 വരെ അപേക്ഷിക്കാം.

2017 ജൂൺ മാസത്തിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എഡ്. സ്പെഷ്യൽ എജ്യൂക്കേഷൻ (ഐ.ഡി. & എൽ.ഡി., റഗുലർ, ഇംപ്രൂവ്മെന്റ്) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 26 വരെ അപേക്ഷിക്കാം.

2017 മാർച്ചിൽ നടത്തിയ അഞ്ചും ആറും സെമസ്റ്റർ ബി.എസ്.ഡബ്ല്യു. മേഴ്സി ചാൻസ് പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 17 വരെ അപേക്ഷിക്കാം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**